**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2462 01.04.2013-ൽ മറുപടിയ്ക്ക്

## ഭൂഗർഭജല വകുപ്പിന്റെ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ. ചന്ദ്രശേഖരൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂഗർഭജല വകുപ്പ് വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കുമോ; | എ) നടപ്പിലാക്കുന്നുണ്ട് |
| ബി) ഉണ്ടെങ്കിൽ ആയതിനായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവിധാനത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | ബി) & സി) ഭൂജല വകുപ്പിന് വരൾച്ചാ ദുരിതാശ്വാസത്തിനായി അനുവദിച്ച തുക ഉപയോഗിച്ച് എം.പി/എം.എൽ.എ മാരുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച് കൈപമ്പ് ഘടിപ്പിക്കുക, കുഴൽ കിണർ കുഴിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുക, കുഴൽ കിണറിൽ ഘടിപ്പിച്ചിരിക്കുന്ന കൈപമ്പ് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്കും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ ഓരോ മണ്ഡലത്തിനും പ്രത്യേക തുക അനുവദിച്ചിട്ടില്ല. |
| സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, ഓരോ മണ്ഡലത്തിനും എത്ര തുക വീതം അനുവദിച്ചുവെന്നും അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ